# പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3738

19.02.2013-ൽ മറുപടിയ്ക്ക്

## വന്യജീവി ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ.കെ. എൻ.എ. ഖാദർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ മലയോര മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വന്യമൃഗങ്ങളിൽ നിന്ന് പ്രസ്തുത ഭാഗത്തെ കൃഷിയിടങ്ങളെയും ജനങ്ങളെയും രക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) വന്യമൃഗങ്ങളിൽ നിന്ന് പ്രസ്തുത ഭാഗത്തെ കൃഷിയിടങ്ങളെയും ജനങ്ങളെയും രക്ഷിക്കാൻ താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>1. ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>2. സൗരോർജ്ജ-വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.<br>3. വന്യമൃഗങ്ങൾക്ക് ഭക്ഷണവും, ജലലഭ്യതയും ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ.<br>4. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുവാൻ നിലമ്പൂർ ആസ്ഥാനമാക്കി ഒരു റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു.<br>5. വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിനുള്ള ഉത്തരവ് നിലവിലുണ്ട്.<br>6. അപകടകാരികളായ മൃഗങ്ങളെ മയക്കുവെടി വച്ച് പിടിച്ച ശേഷം, ആവാസ വ്യവസ്ഥയ്ക്ക് പുറത്തേയ്ക്കു മാറ്റി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| (സി) ഇത്തരത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തര സഹായങ്ങൾ നൽകുമോ? | (സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് 1980-ലെ "കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് " എന്ന ചട്ട പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.